(6 pages) **Reg. No. : ....**

Code No. : 12946 **Sub. Code : J 1 MY 21/ S 1 MY 21**

U.G. (CBCS) DEGREE EXAMINATION, APRIL 2018.

Second Semester

Part I — Malayalam

Paper II — ഗദ്യസാഹിത്യം

(Gadyasahithiyam)

(For those who joined in July 2016 and afterwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ചെറുകഥാപ്രസ്ഥാനം രചിച്ചതാര്?

   (a) ജോസഫ് മുണ്ടശ്ശേരി (b) എം.പി. പോൾ

   (c) കുട്ടികൃഷ്ണമാരാർ (d) എം.ആർ. നായർ

2. തകഴി രചിച്ച നോവലേത്?

   (a) ശബ്ദങ്ങൾ (b) ഉമ്മാച്ചു

   (c) കയർ (d) അയൽക്കാർ

3. 'കണ്ണീരും കിനാവും' ഏതു വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?

   (a) ആത്മകഥ (b) ജീവചരിത്രം

   (c) യാത്രാവിവരണം (d) ലേഖനം

4. 'സഞ്ചാരികളും ചരിത്രകാരന്മാരും' ആരുടെ കൃതിയാണ്?

   (a) ഇളംകുളം

   (b) ശൂരനാട്

   (c) വേലായുധൻ പണിക്കശ്ശേരി

   (d) എം.ആർ. രാഘവവാരിയർ

5. ടാഗോർ എഴുതിയ വിലാപകാവ്യമേത്?

   (a) രമണൻ (b) സ്മരൺ

   (c) പ്രരോദനം (d) ഒരു വിലാപം

6. 'പോടാ, പോ നീ രാജ്യോക്കെ ചുറ്റി ഒന്നു പടിച്ചിട്ടുവാ' - ആരുടെ വാക്കുകൾ?

   (a) മജീദിന്റെ (b) ഉമ്മയുടെ

   (c) ബാപ്പയുടെ (d) സുഹ്റായുടെ

7. രാമായണകഥയെ ആധാരമാക്കി സാറാ ജോസഫ് എഴുതിയ ചെറുകഥ

   (a) അശോക (b) ചാവുനിലം

   (c) കാഞ്ചനസീത (d) പരാജിത

Nesamony Memorial Christian College, Marthandam

8. മലയോരകർഷകരുടെ ജീവിതം കഥകളിലൂടെ ആവിഷ്കരിച്ച എഴുത്തുകാരനാര്?

(a) തകഴി (b) എം.ടി.

(c) പൊൻകുന്നം വർക്കി (d) കാരൂർ

9. പ്രാചീനകാലത്ത് കപ്പിത്താൻമാർക്കിടയിൽ പ്രചരിച്ചിരുന്ന കഥകളിൽ ഇന്ത്യയിൽ എത്ര നഗരങ്ങളാണ് ഉണ്ടായിരുന്നത്?

(a) ഏഴ് (b) ആറ്

(c) ഒൻപത് (d) നാല്

10. ഊരാളന്റെ നിലയിൽ ദേവസ്വങ്ങളും, ഊരിന്റെ ഉടയവനെന്ന നിലയിൽ ബ്രഹ്മസ്വവും കൈയടക്കി കൈകാര്യം ചെയ്തിരുന്നത് ആരായിരുന്നു?

(a) രാജാവ് (b) നമ്പൂതിരിമാർ

(c) മന്ത്രി (d) ക്ഷത്രിയർ

PART B — (5 × 5 = 25 marks)

രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) ആദ്യകാല ചെറുകഥകളുടെ പ്രത്യേകതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) അവുസേപ്പുചേട്ടനും കണ്ണനും തമ്മിലുള്ള ബന്ധത്തെ പൊൻകുന്നം വർക്കി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?

12. (a) നവോത്ഥാനകാലനോവലിന്റെ സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മജീദും സുഹ്റായും തമ്മിലുള്ള ബന്ധത്തെ ബഷീർ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

13. (a) മലയാളത്തിലെ സഞ്ചാരസാഹിത്യത്തെക്കുറിച്ചൊരു ലഘുവിവരണം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഞാവൽപാർക്കിലെ വീട്ടിലേക്കുള്ള യാത്ര വത്സല അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

14. (a) ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ നമ്പൂതിരി ജീവിതത്തെ വി.ടി. ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'അന്നത്തെ വടിപ്പാടുകൾ ഇന്നും എന്റെ ഹൃദയത്തിൽ വടുകെട്ടിക്കിടപ്പുണ്ട്' എന്ന് വി.ടി. പറയുവാൻ കാരണമെന്ത്?

15. (a) ഗുരുകുലം ആരംഭിക്കുവാൻ ടാഗോറിന് പ്രേരണ യായതെന്ത്?

അല്ലെങ്കിൽ

(b) ഗാന്ധിയും ടാഗോറും ഭാരതീയ സംസ്കാരത്തിന്റ യമുനയും ഗംഗയും ആയിത്തീർന്നുവെന്ന് ഗുപ്തൻ നായർ പറയുവാൻ കാരണമെന്ത്?

[P.T.O.]

Nesamony Memorial Christian College, Marthandam

PART C — (5 × 8 = 40 marks)

നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) ബാല്യകാലസഖിയിൽ പ്രകടമാകുന്ന സാമൂഹിക ജീവിതത്തിന്റെ സവിശേഷതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) ദുരന്തത്തിനിടയിലും ജീവിതത്തെ നർമ്മത്തോടെ ചിത്രീകരിക്കാൻ ബാല്യകാലസഖിയിൽ ബഷീറിന് കഴിയുന്നുണ്ട് - പരിശോധിക്കുക.

17. (a) മനുഷ്യനും മൃഗവും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ കഥയാണ് ശബ്ദിക്കുന്ന കലപ്പ - വിലയിരുത്തുക.

അല്ലെങ്കിൽ

(b) കർഷകന്റെ ജീവിതദൈന്യതയെ പൊൻകുന്നം വർക്കി എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?

18. (a) 'ഒരു കാലഘട്ടത്തിന്റെ വ്യഥയാണ് കണ്ണീരും കിനാവിലും വി.ടി. ആവിഷ്ക്കരിക്കുന്നത്' - ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) ബാല്യകാല അനുഭവങ്ങളെ വി.ടി. എങ്ങനെ അനുസ്മരിക്കുന്നു?

19. (a) അമേരിക്കയിലെ ആദിമജനതയോട് യൂറോപ്യന്മാർ കാട്ടിയ ക്രൂരത വത്സല എങ്ങനെ ചിത്രീകരിക്കുന്നു?

അല്ലെങ്കിൽ

(b) മാറിമറിയുന്ന സംസ്കാരത്തിന്റെ കേന്ദ്രമായ അമേരിക്കയെ വത്സല എങ്ങനെ നോക്കിക്കാണുന്നു?

20. (a) വിശ്വമഹാകവിയായ ടാഗോറിനെ ഗുപ്തൻ നായർ എങ്ങനെ അവതരിപ്പിക്കുന്നു?

അല്ലെങ്കിൽ

(b) ആധുനിക സമൂഹം ടാഗോറിനെ പൂർണ്ണമായി മനസ്സിലാക്കുമോ എന്ന ആശങ്ക ഗുപ്തൻ നായർക്ക് ഉണ്ടാകുവാൻ കാരണമെന്ത്?

Nesamony Memorial Christian College, Marthandam